# കേരള സർക്കാർ

## സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - ജീവനക്കാര്യം - കൊല്ലം ഡെപ്യൂട്ടി ഡയറക്ടറുടെ സാമ്പത്തിക അധികാരത്തോട് കൂടിയ പൂർണ്ണ അധിക ചുമതല സർക്കാർ സാധൂകരണത്തിന് വിധേയമായി നല്കിയ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

---

## ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്

**സ.ഉ(സാധാ) നം.2073/2018/ഉ.വി.വ.** **തീയതി,തിരുവനന്തപുരം:16.11.2018**

പരാമർശം : - 1. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 26.07.2018 ലെ ബി1/30964/2018/കോ.വി.വ നമ്പർ നടപടിക്രമം.

2. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 30.07.2018 ലെ ബി1/30964/2018/കോ.വി.വ നമ്പർ കത്ത്.

## ഉത്തരവ്

കൊല്ലം കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല നിർവ്വഹിച്ചു വന്ന കാര്യവട്ടം ഗവൺമെന്റ് കോളേജ് പ്രിൻസിപ്പാൾ ഡോ.ബി.ഉണ്ണികൃഷ്ണൻ നായർ കേരള സർവ്വകലാശാലയിലെ സിൻഡിക്കേറ്റ് അംഗമായി നാമ നിർദ്ദേശം ചെയ്യപ്പെട്ടതും, മാതൃസ്ഥാപനത്തിൽ നിന്നും വളരെ ദൂരം യാത്ര ചെയ്ത് അധികചുമതലകൾ നിർവ്വഹിക്കേണ്ടി വരുന്നതുമായ സാഹചര്യത്തിൽ ഡെപ്യൂട്ടി ഡയറക്ടറുടെ അധിക ചുമതലയിൽ നിന്ന് നീക്കം ചെയ്യുന്നതിന് അപേക്ഷിച്ചതിനെ തുടർന്ന് കൊല്ലം ഡെപ്യൂട്ടി ഡയറക്ടറുടെ സാമ്പത്തിക അധികാരത്തോട് കൂടിയ പൂർണ്ണ അധിക ചുമതല സർക്കാർ സാധൂകരണത്തിന് വിധേയമായി അമ്പലപ്പുഴ ഗവൺമെന്റ് കോളേജ് പ്രിൻസിപ്പാൾ ആയ ഡോ.വി.ഗോപകുമാറിന് പരാമർശം (1) ലെ നടപടിക്രമം പ്രകാരം നല്കിയിരുന്നു. പ്രസ്തുത നടപടി സാധൂകരിച്ച് ഉത്തരവാകണമെന്ന് പരാമർശം (2) ലെ കത്ത് പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്ത പ്രകാരം കൊല്ലം ഡെപ്യൂട്ടി ഡയറക്ടറുടെ സാമ്പത്തിക അധികാരത്തോട് കൂടിയ പൂർണ്ണ അധിക ചുമതല സർക്കാർ സാധൂകരണത്തിന് വിധേയമായി അമ്പലപ്പുഴ ഗവൺമെന്റ് കോളേജ് പ്രിൻസിപ്പാൾ ആയ ഡോ.വി.ഗോപകുമാറിന് നല്കിയ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എൽ.കുശലകുമാരി**

ഗവ.അണ്ടർ സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട വ്യക്തിയ്ക്ക് (കോളേജ് വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഡയറക്ടർ, ഐ&പി.ആർ.ഡി
നോഡൽ ഓഫീസർ, www.highereducation.kerala.gov.in
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ